ജി(2)318/19

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി 04 /01/2021

**<u>സർക്കുലർ നമ്പർ 2/21</u>**

വിഷയം സഹകരണ വകുപ്പ്- കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ-മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായത്- സംബന്ധിച്ച്

പരാമർശം സ.ഉ(കൈ) 22/2020/മഉവ, തീയതി 18.12.2019 നമ്പർ സർക്കാർ ഉത്തരവ്

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും 31.12.2008 വരെ, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിൻമേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽ നിന്ന് അവർക്ക് ആശ്വാസം നൽകുന്നതിന് നിലവിലുള്ള മോറട്ടോറിയത്തിന്റെ കാലാവധി 01.01.2021 മുതൽ 31.12.2021 വരെ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് പരാമർശ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സഹകരണ സംഘങ്ങളിൽ നിന്നും/ബാങ്കുകളിൽ നിന്നും 31.12.2008 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിൻമേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികകൾക്ക് 31.12.2021 വരെ മോറട്ടോറിയം അനുവദിച്ച് ഉത്തരവാകുന്നു.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

ഒപ്പ്
ഡോ.നരസിംഹുഗരി. റ്റി എൽ റെഡ്ഡി.ഐ എ എസ്
സഹകരണ സംഘം രജിസ്ട്രാർ

1) സഹകരണ ആഡിറ്റ് ഡയറക്ടർ
2) ജനറൽ മാനേജർ, കേരള ബാങ്ക്, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ റീജിയണുകൾ
3) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
4) മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ ക്കും
5) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
6) സെക്രട്ടറി, കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ
7) ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള ബാങ്ക്, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ റീജിയണുകൾ
8) ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
9) അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ & ആഡിറ്റ്) മാർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
10) സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ
11) ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
12) അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യേഷൻ ഓഫീസർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
13) സ്റ്റോക്ക് ഫയൽ/ സ്പെയർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)

File No.FandP-B3/290/2020-FandP 233642/20

318/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ - മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

സ.ഉ.(കൈ) നം.22/2020/മ.തു.വ — തീയതി,തിരുവനന്തപുരം, 18/12/2020

---

31 DEC 2020

THIRUVANANTHAPURAM

പരാമർശം:- 1 സ.ഉ(കൈ) നം. 42/2007/മതുവ തീയതി 02.11.07.

2 സ.ഉ(കൈ) നം. 29/2008/മതുവ തീയതി 27.05.08.

3 സ.ഉ(കൈ) നം. 78/2008/മതുവ തീയതി 06.12.08.

4 സ.ഉ(പി) നം. 01/2009/മതുവ തീയതി 05.01.09.

5 സ.ഉ(കൈ) നം. 38/2009/മതുവ തീയതി 11.06.09.

6 സ.ഉ(കൈ) നം. 74/2009/മതുവ തീയതി 13. 11.09.

7 സ.ഉ(കൈ) നം. 33/2010/മതുവ തീയതി 05.05.10.

8 സ.ഉ(കൈ) നം. 62/2010/മതുവ തീയതി 10.08.10.

9 സ.ഉ(കൈ) നം. 01/2011/മതുവ തീയതി 01.01.11.

10 സ.ഉ(കൈ) നം. 78/2011/മതുവ തീയതി 05.08.11.

11 സ.ഉ(കൈ) നം.25/2012/മതുവ തീയതി 31.03. 12.

12 സ.ഉ(കൈ) നം. 101/2012/മതുവ തീയതി 26.12.12.

13 സ.ഉ(കൈ) നം. 77/2013/മതുവ തീയതി 26.12.13.

14 സ.ഉ(കൈ) നം. 72/2014/മതുവ തീയതി 15.12.14.

15 സ.ഉ(കൈ) നം. 65/2015/മതുവ തീയതി 31.12.15.

16 സ.ഉ(കൈ) നം. 33/2016/മതുവ തീയതി 22.12.16

17 സ.ഉ(കൈ) നം. 28/2017/മതുവ തീയതി 06.12.17

18 സ.ഉ(കൈ) നം. 1/2019/മതുവ തീയതി 05.01.19.

19 സ.ഉ(കൈ) നം. 46/2019/മതുവ തീയതി 27.12.19

20 കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 01/10/2020 ലെ 29/ബി/18/കെ.എസ്. എഫ്.ഡി.ആർ.സി നമ്പർ കത്ത്

<u>ഉത്തരവ്</u>

1) മത്സ്യത്തൊഴിലാളികൾക്ക് ഒരു അടിയന്തര സമാശ്വാസ നടപടി എന്ന നിലയ്ക്ക് അവർ

**File No.FandP-B3/290/2020-FandP**

സ്വകാര്യ പണമിടപാട്ടു സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ നേടിയ വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം 6 മാസത്തേയ്ക്ക് മോറട്ടോറിയം ഏർപ്പെടുത്തിയിരുന്നു. മോറട്ടോറിയത്തിന്റെ കാലാവധി, തുടർന്ന് പരാമർശം (4) ഒഴികെ (2) മുതൽ (19) വരെ സർക്കാർ ഉത്തരവുകൾ പ്രകാരം തുടർച്ചയായി 31.12.2020 വരെ ദീർഘിപ്പിക്കുകയുണ്ടായി.

2) 2008 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി പരാമർശം (4) സർക്കാർ ഉത്തരവു പ്രകാരം കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപവൽക്കരിക്കപ്പെട്ടു.

3) കമ്മീഷൻ ഇതിനകം കടാശ്വാസത്തിന് അർഹത കണ്ടെത്തി സമർപ്പിച്ച കടാശ്വാസ തുക അപേക്ഷകർക്ക് ഇനിയും ലഭ്യമായിട്ടില്ലാത്തതിനാൽ 31.12.2020 ൽ അവസാനിക്കുന്ന മോറട്ടോറിയം ഉത്തരവിന്റെ കാലാവധി 01.01.2021 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പരാമർശം (20) പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി. 20.01.2018 ലെ 21677/ലെഗ്.ഐ1/2018/നിയമം ഓർഡിനൻസ് പ്രകാരം 31.12.2008 വരെ എടുത്ത വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും 31.12.2008 വരെ, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽ നിന്ന് അവർക്ക് ആശ്വാസം നൽകുന്നതിന് നിലവിലുള്ള മോറട്ടോറിയത്തിന്റെ കാലാവധി 01.01.2021 മുതൽ 31.12.2021 വരെ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടിങ്കു ബിസ്വാൾ**
**സെക്രട്ടറി**

പകർപ്പ്-

സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ,
നന്തൻകോട്, തിരുവനന്തപുരം - 3.

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, പൂങ്കുന്നം പി.ഒ. തൃശ്ശൂർ.

മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം.

രജിസ്ട്രാർ, സഹകരണ സൊസൈറ്റീസ്, തിരുവനന്തപുരം.

കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി, കാനറാ ബാങ്ക് ബിൽഡിംഗ്,
തിരുവനന്തപുരം.

**File No.FandP-B3/290/2020-FandP**

ധനകാര്യ വകുപ്പ് .

പൊതുഭരണ (എസ്.സി) വകുപ്പിന് ( 17.12.20ലെ ഇനം. നം. 4391 പ്രകാരം)

സഹകരണ വകുപ്പ്.

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

രജിസ്ട്രാർ കേരള ഹൈക്കോടതി, എറണാകുളം.

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Validity unknown
Digitally signed by Manju M S
Date: 2020.12.21 10:19:45 IST
Reason: Approved

സെക്ഷൻ ഓഫീസർ